**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1557** | **05/02/2019 -ൽ മറുപടിയ്ക്ക്**

## പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ

| **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ** | | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് കൃഷിഭവനുകൾക്ക് കീഴിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ കുളത്തൂർ, കരവാരം, നേമം, ആനാട്, കരകുളം, മാണിക്കൽ, ചെറുന്നിയൂർ, ചിറയിൻകീഴ്, മുദാക്കൽ , കഴക്കൂട്ടം, ഉള്ളൂർ, കാട്ടാക്കട, പെരുംകടവിള, അതിയന്നൂർ എന്നീ കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രധാന ഉദ്ദേശലക്ഷ്യം.<br><br>2017-18 വരെ 152 ബ്ലോക്കുകളിലായി 202 കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാതല റഫറൽ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. കൃത്യമായ |

ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ കീടരോഗ ബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ കീടരോഗ ബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System (CPSS) എന്ന സേവനം കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ , ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോ ഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറു ലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കീടരോഗ നിരീക്ഷണ ത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനും രണ്ടാഴ്ചയിലൊരിക്കൽ നൽകുന്നു. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നുണ്ട്.

Smulathim

**സെക്ഷൻ ഓഫീസർ**